# കൊടുവായൂർ CDS ലെ കൊറോണ പ്രവർത്തന റിപ്പോർട്ട്

ചൈനയിൽ ആദ്യമായി കൊറോണ വന്നപ്പോൾ ഇതൊന്നും ഇവിടെ വരില്ല എന്നൊരു ധാരണയായിരുന്നു.എന്നാൽ ഇന്ത്യയിൽ ആദ്യമായി റിപ്പോർട്ട് ചെയ്ത കേരളത്തിൽ. ആദ്യമൊന്നു കുറഞ്ഞെങ്കിലും കേരളത്തിലുടനീളം പടർന്നു പിടിച്ചു. മനുഷ്യർ ഈ മഹാമാരിയെ മറികടക്കാൻ പാടുപ്പെടുന്നു.കോവിഡ് 19 നെ തുടച്ചു നീക്കാൻ സർക്കാരിൻറെ നയങ്ങൾക്കൊപ്പം എന്നും കുടുംബശ്രീ പ്രസ്ഥാനം മുന്നിലുണ്ട്.മാസ്ക് നിർമാണത്തിലും, എന്ന് വേണ്ട ലോക്ക് ഡൗൺ കാലത്തെ അവശ്യ സർവീസ് ആയി മാറി കുടുംബശ്രീ പ്രസ്ഥാനം.

കൊടുവായൂർ സിഡിഎസ്സ് കമ്മ്യൂണിറ്റി കിച്ചനിലും മാസ്ക് നിർമാണത്തിലും,CMHLS നൽകുന്നതിലും, വയോജന അയൽക്കൂട്ട അംഗങ്ങളുടെ സുഖാന്വേഷണത്തിലൂടെയും,ആശ്രയ ഗുണഭോക്താക്കളുടെ സുഖവിവരങ്ങളും, സംശയ നിവാരണത്തിനും,സന്നദ്ധ സേന പോർട്ടലിലേക്ക് ധാരാളം സന്മനസ്സുകളെ ഉൾപ്പെടുത്തിയും ,കമ്മ്യൂണിറ്റി കിച്ചണിലേക്ക് ആവശ്യ സാധനങ്ങൾ സംഭാവന നൽകിയും, ലോക്ക്ഡൌൺ കാലത്ത് കുടുംബശ്രീ പ്രധാന പങ്കുവഹിച്ചു.

## കമ്മ്യൂണിറ്റി കിച്ചൻ

കോവിഡ് വ്യാപനം തടയുന്നതിനായി രാജ്യത്ത് ലോക്ക് ഡൌൺ പ്രഖ്യാപിച്ച സന്ദർഭത്തിൽ ആരും പട്ടിണി കിടക്കരുത് എന്ന് ഉറപ്പ് വരുത്തുന്നതിനായി 28/3/20 ന് കൊടുവായൂർ പഞ്ചായത്തും കമ്മ്യൂണിറ്റി ഡെവലപ്മെൻറ് സൊസൈറ്റിയും ചേർന്ന് കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചു. സമൃദ്ധി വനിതാകുടുംബശ്രി കാന്റീനിലെ 5 അംഗങ്ങൾ തന്നെയാണ് കമ്മ്യൂണിറ്റി കിച്ചണിൽ പാചകം ചെയ്തിരുന്നത്. കിടപ്പിലായ രോഗികൾ,അന്യസംസ്ഥാന തൊഴിലാളികൾ 60 വയസ്സിനു മുകളിലുള്ള ഭക്ഷണം പാകം ചെയ്യാൻ കഴിയാത്തവർ,ഭിക്ഷാടകർ എന്നിവർക്ക് ഭക്ഷണം നൽകാൻ കഴിഞ്ഞു. വിവിധ സംഘടനകളുടെയും കുടുംബശ്രീ അംഗങ്ങളുടെയും സഹകരണത്തോടെ ദിവസേന 18 വാർഡുകളിലായി 100 പേർക്ക് ഫ്രീ ആയും 20 രൂപ നിരക്കിൽ 80 പേർക്ക് ഉച്ചഭക്ഷണവും അതുപോലെ അത്താഴവും നൽകാൻ കഴിഞ്ഞു




**WHATSAPP** ഗ്രൂപ്പ് രൂപീകരണം

ലോക്ക് ഡൌൺ സമയത്ത് COVID 19 സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങളെ കുറിച്ച് ബോധവത്കരിക്കുന്നതിനായി കൊടുവായൂർ CDS ൽ ഓരോ വാർഡിൽ നിന്നും ഓരോ ഗ്രൂപ്പും (ആ വാർഡിലുള്ള എല്ലാ NHG കളെയും ഉൾപ്പെടുത്തി ഒരു NHG യിൽ നിന്നും ചുരുങ്ങിയത് MEMBERS),CDS മെമ്പർമാർ ഉൾപ്പെടുന്ന ഒരു ഗ്രൂപ്പും CREATE ചെയ്യാൻ സാധിച്ചു.

ഇതിലൂടെ സർക്കാരിൽ നിന്നും ലഭിക്കുന്ന സന്ദേശങ്ങൾ സമയബന്ധിതമായി NHG ഗ്രൂപ്പുകളിലേക്കും അവിടെ നിന്ന് അയൽക്കൂട്ട അംഗങ്ങളിലേക്കും കുടുംബാംഗങ്ങളിലേക്കും വിവരങ്ങൾ കൈമാറിയിലൂടെ കൊറോണയെ ഒരു പരിധിവരെ ചെറുത്തു നിൽക്കാൻ സാധിച്ചു

**<u>വയോജന അയൽകൂട്ടത്തിലേക്ക്</u>**

വയോജന അയൽക്കൂട്ട അംഗങ്ങളെ ഫോണിലൂടെയും വീടുകളിലെ അംഗങ്ങളുടെ ഫോണിലൂടെയും ബന്ധപ്പെട്ട് അവരുടെ ക്ഷേമകാര്യങ്ങൾ തിരക്കുകയും നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് അന്വേഷിക്കുകയും ബ്രേക്ക് ദി ചെയിൻ ക്യാമ്പെയ്ൻ ഭാഗമായി കൈ കഴുകുന്ന രീതി,മാസ്ക് ഇടുന്നതിനെ കുറിച്ചും പറഞ്ഞു കൊടുത്തു.

## സന്നദ്ധ സേന

വിവിധ സഹായങ്ങൾക്കായ് സന്നദ്ധ സേന പോർട്ടലിൽ 35 പേർ രജിസ്റ്റർ ചെയ്തു.പലചരക് കിറ്റുകൾ തയ്യാറാക്കാൽ കുടുംബശ്രീ പ്രവർത്തകരുടെ സഹായം പരമാവധി ഉൾകൊള്ളിച്ചു. കമ്മ്യൂണിറ്റി കിച്ചൻ ഫുഡ് സപ്ലൈ ചെയ്യാനും,പാകം ചെയ്യാനും,ആശ്രയ കിറ്റ് നൽകാനും ,പെൻഷൻ വിതരണം ചെയ്യാൻ, മരുന്നിനു ബുദ്ധിമുട്ടുന്ന വയോജനകൾ,ആശ്രിതർ എന്നിവർക്കെല്ലാം മരുന്നെത്തിക്കാനും അവരെത്തി.

## മുഖ്യമന്ത്രിയുടെ സഹായ ഹസ്തം

ലോക്ക് ഡൌൺ കാലത്തിൽ അനേകം കുടുംബങ്ങൾക്കുണ്ടായ സാമ്പത്തിക നഷ്ടങ്ങളെ ലഘുകരിക്കുന്നതിനായി കുടുംബശ്രീ വനിതകൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് cmhls (മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പ പദ്ധതി). കൊടുവായൂർ പഞ്ചായത്തിലെ 210 അയൽക്കൂട്ടങ്ങളിലെ 2587 അംഗങ്ങൾക്ക് 10000 രൂപ നിരക്കിൽ വായ്പ നൽകും



## ആശ്രയ ഗുണഭോക്തക്കളിൽ വാർദ്ധ്യകരുടെ വിവരശേഖരണം

കൊറോണ കാലത്ത് ആശ്രയ ഗുണഭോക്തക്കളിൽ 122 വാർദ്ധ്യക ആളുകളുടെ 5 ദിനങ്ങളിൽ 4 ഘട്ടങ്ങളിലായി സുഖവിവരങ്ങൾ അന്വേഷിക്കുകയും, അവശ്യ മരുന്നുകൾ എത്തിക്കുകയും , കൊറോണ മൂലമുള്ള മാനസിക സമ്മർദ്ധം ഒഴിവാക്കാനും ഇതിലൂടെ സാധിച്ചു

Sujeeshna
Block Co-Ordinator